(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ് .എ.റ്റി.വി.എം.ജി.പി.8/1918/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 04.11.2016, Phone No :

0471-2331231,

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മുദാക്കൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്ത് - 2015-2016സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തികവർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,

3) കാര്യാലയ പകർപ്പ്,
എസ്.22/11/16

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1918/2016 തീയതി : 04.11.2016

## തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.02.2016 മുതൽ 17.06.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത്

സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.10.2016 മുതൽ 20.10.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സുരേഷ് കുമാർ.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സജി.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. നവനീത് ബി.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| പ്രസിഡന്റ് | അഡ്വ. ലെനിൻ | 01.04.2015 മുതൽ 31.10.2015 വരെ | ലിഖിതം, ആറ്റിങ്ങൽ, ആറ്റിങ്ങൽ പി.ഒ |
| | വിജയകുമാരി.ആർ.എസ്. | 17.11.2015 മുതൽ 31.03.2016 വരെ | ശിവകൃപ, പാറയടി, പൊയ്കമുക്ക് പി ഒ |
| സെക്രട്ടറി | സുരേന്ദ്രൻ ആശാരി.വി | 01.04.2015 മുതൽ 23.07.2015 FN വരെ | മകയിരം, ഓമനത്തിങ്കൾ ലെയ്ൻ, വെഞ്ഞാറമൂട്. |

| | | | |
|---|---|---|---|
| | ഹരികൃഷ്ണൻ ജി. | 23.07.2015 മുതൽ 31.03.2016 വരെ | ടി.സി.47/3113, MUDRA 69, വാണിയത്ത് ലെയ്ൻ, മുടവൻമുഗൾ, പൂജപ്പുര പി.ഒ തിരുവനന്തപുരം-695012 |

നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | : ശ്രീ.സുരേന്ദ്രൻ ആശാരി<br>(01.04.2015 മുതൽ 23.07.2015 FN വരെ) |
| | : ശ്രീ.ഹരികൃഷ്ണൻ.ജി<br>(23.07.2015 മുതൽ 31.03.2016 വരെ) |
| അസി. സെക്രട്ടറി | : ശ്രീമതി.ജയശ്രീ<br>(23.07.2015 മുതൽ 31.03.2016 വരെ) |
| | : ശ്രീ.ചന്ദ്രമോഹനൻ<br>(23.07.2015 മുതൽ 31.03.2016 വരെ) |
| അസി. എഞ്ചിനീയർ | : ശ്രീ.ജ്യോതിസ്.എസ്<br>(.01.04.2015 മുതൽ 27.07.2015 വരെ) |
| | : ശ്രീ.ഷംനാദ്.ജെ<br>(27.07.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | : ഡോ.ധന്യാ ദേവ്<br>(01.04.2015 മുതൽ 02.06.2015 വരെ) |
| | : ഡോ.അനിൽ ദാസ്<br>(02.06.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | : ഡോ.മേരി ബിന്ദു<br>: ഡോ.മായ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | : ഡോ.ദീപ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| വെറ്റിനറി സർജൻ | : ഡോ.സ്മിത തോമസ്.പി |

| | |
|---|---|
| | (01.04.2015 മുതൽ 31.03.2016 വരെ) |
| വി.ഇ.ഒ - I | : ശ്രീ.വിനോദ്<br>(01.04.2015 മുതൽ 31.03.2016 വരെ) |
| വി.ഇ.ഒ - II | : ശ്രീ.സൈജു<br>(01.04.2015 മുതൽ 31.03.2016 വരെ) |
| കൃഷി ഓഫീസർ | : ശ്രീ.രാഹുൽ.എസ്.എം<br>(01.04.2015 മുതൽ 31.03.2016 വരെ) |
| ICDS സൂപ്പർവൈസർ | : ശ്രീമതി.ശ്രീരശ്മി<br>(01.04.2015 മുതൽ 31.03.2016 വരെ) |

ഉള്ളടക്കം

ഭാഗം - I


| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |

| | | | |
|---|---|---|---|
| 11 | ക്യാഷ് ബുക്ക് പരിപാലനം | 1.11 | |
| 12 | അനുബന്ധ പത്രികകൾ | 1.12 | |

ഭാഗം - II

| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | തൊഴിൽ നികുതി പിരിവിലെ അപാകത | 2.1 | |
| 2 | കമ്മ്യൂണിറ്റി ഹാൾ വാടക – വരവിൽ വർദ്ധനവില്ല. | 2.2 | |
| 3 | പെർമിറ്റ് ഫീസ് കുറവ് ഈടാക്കി - വരവിൽ 1171/- രൂപയുടെ കുറവ്. | 2.3 | |
| 4 | മാർക്കറ്റ് ലേലം പിരിവ് - 6766/- രൂപ വരവ് അവശേഷിക്കുന്നു. | 2.4 | |

ഭാഗം - III

| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ നിരാകരിച്ച തുക 14,736/- രൂപ. | 3.1 | |
| 2 | അളവിൽ കുറവ് നിരാകരിച്ച തുക 8,732/- രൂപ - Project No: SOO 73/16 കുന്നിനട കോളൂർ റോഡ്. | 3.2 | |
| 3 | കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്ക് സബ്സിഡി മാർഗരേഖയുടെ ലംഘനം തടസ്സപ്പെടുത്തിയ തുക 4,60,596/- | 3.3 | |
| 4 | അംഗൻ വാടികളിൽ കുഴൽ കിണർ നിർമ്മാണം -ഭൂഗർഭ ജലവകുപ്പിന് പണം ഒടുക്കിയത് | 3.4 | |
| 5 | മീഡിയ ശ്രീ പദ്ധതി ലക്ഷ്യം കണ്ടില്ല തടസ്സപ്പെടുത്തിയ തുക 65000/- | 3.5 | |
| 6 | പാലിയേറ്റിവ് കെയർ മരുന്നു വാങ്ങൽ – മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും | 3.6 | |

| | | | |
|---|---|---|---|
| | യഥാസമയം മരുന്ന് ലഭിക്കുന്നില്ല. | | |
| 7 | ഗ്രാമസഭ- പഞ്ചായത്ത് കമ്മിറ്റി -ഗുണഭോക്തൃപട്ടികയിൽ അപാകം | 3.7 | |
| 8 | ശുചിത്വ മിഷൻ -വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന് ധനസഹായം- നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല | 3.8 | |
| 9 | ആശ്രയ പദ്ധതി - നടത്തിപ്പ് പരാജയം. | 3.9 | |
| 10 | കാർഷിക മേഖലയിൽ പ്രൊജക്ടുകളുടെ ആസൂത്രണവും നടത്തിപ്പും - പുരോഗതി ആശാവഹമല്ല | 3.10 | |
| 11 | പ്രവേശനോത്സവം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3.11 | |


ഭാഗം - IV


| ക്രമ.നം | ഇനം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4.2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 4 | വായ്പ തിരിച്ചടവ് | 4.4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 6 | ഓഡിറ്റ് റിക്കവറി | 4.6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 8 | ആശുപത്രി വികസന സമിതിയുടെ കണക്കുകൾ | 4.8 | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4.9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസാക്കിയ നം./തീയതി | പുതുക്കിയ നം./തീയതി |
|---|---|
| തീരുമാനം നം. I (i) / 25.03.2015 | - |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വ്രഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 18.07.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | : ₹ 27304159/- |
| വരവ് | : ₹ 55646115/- |
| ആകെ | : ₹ 82950274/- |
| ചെലവ് | : ₹ 72323198/- |
| നീക്കിയിരുപ്പ് | : ₹ 10627076/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2181925 | 11733670 | 13915595 | 13350126 | 565469 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 4710756 | 9104009 | 13814765 | 13814765 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 190718 | 12117633 | 12308351 | 12308351 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1371507 | 3088989 | 4460496 | 4460496 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4497370 | 7909135 | 12406505 | 12406505 | 0 |
| ലോക ബാങ്ക് സഹായം | 4666806 | 1669202 | 6336008 | 6336008 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 195 | 83 | 76 | 36 | 42.56 % |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 45 | 37 | 14466429 | 12807757 | 88.53% |
| അസി. സെക്രട്ടറി | 14 | 12 | 17093800 | 7023300 | 41.08% |
| അസി. എഞ്ചിനീയർ | 93 | 76 | 36199595 | 26836371 | 74.13% |
| കൃഷി ഓഫീസർ | 5 | 3 | 1414740 | 396765 | 28.04% |
| വെറ്ററിനറി സർജൻ | 8 | 5 | 4720900 | 897000 | 19% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 4 | 706800 | 564757 | 79.90% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 630000 | 630000 | 100% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100% |
| വി.ഇ.ഒ. | 8 | 7 | 8889000 | 2839000 | 31.93% |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 4 | 4 | 1811293 | 1811293 | 100% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 8 | 3661530 | 3210634 | 87.68% |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷികമേഖലയിലെ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതും പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പാക്കേണ്ടതുമാണ്.

ഫണ്ടിന്റെ ലഭ്യതയുറപ്പാക്കിയും പ്രാഥമിക പഠനം നടത്തി പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും അംഗീകാരം ലഭിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ കുറവുള്ളതായി കാണുന്നു. കെട്ടിട നികുതിയിൽ മുൻവർഷത്തേക്കാൾ 18,97,999/- രൂപയുടെ കുറവ് ഗൗരവമായി കണക്കാക്കേണ്ടതാണ്. ആയതിനാൽ കെട്ടിട നികുതി, വിനോദനികുതി, പരസ്യനികുതി എന്നിവയിലെ വരുമാനക്കുറവ് ഗൗരവമായി ശ്രദ്ധിച്ച് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വര നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+/_) |
|---|---|---|---|---|
| നികുതി വരവുകൾ | 43,62,459 | 25,12,326 | -18,50,133/- | - 42.4% |
| നികുതിയേതര വരവുകൾ | 2,18,172 | 2,08,953 | -9,219/- | - 4.2% |
| മറ്റു വരവുകൾ<br>(ഇനം തിരിച്ച്) | 20,07,305 | 19,08,744 | -98,561/- | - 4.9% |
| ആകെ | 65,87,936/- | 46,30,023/- | -19,57,913/- | - 29.72% |

തനത് വരുമാനം സംബന്ധിച്ച സ്കോർ കാർഡ് അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 25 | 25 | 8 | - |
| തൊഴിൽരഹിത വേതനം | 76 | 64 | 20<br>(12 പേർ ഹാജരായില്ല) | - |
| വിധവാ പെൻഷൻ | 137 | 137 | 15 | - |
| വികലാംഗ പെൻഷൻ | 39 | 39 | 6 | - |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 2 | 2 | - | - |
| വാർദ്ധക്യകാല പെൻഷൻ | 622 | 622 | 71 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 രാവിലെ 10.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12249/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.06.2016 മുതൽ 18.06.2016 വരെ | 01.02.2016 മുതൽ 31.05.2016 വരെ | 09.09.2016 | - |

| | | | | |
|---|---|---|---|---|
| | | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2014 മുതൽ 31.03.2014 വരെ | 2008-09 മുതൽ 2013-14 വരെ | 29.04.2014 | ആശ്രയ പദ്ധതിയിലെ വീഴ്ച |

## 1-11 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ സ.ഉ. (കൈ) 177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിർവ്വണോദ്യോഗസ്ഥരായ അസി.സെക്രട്ടറി, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ മേൽ ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ലായെന്ന് പരിശോധനയിൽ കാണുന്നു. ആയതിനാൽ അടിയന്തിരമായി കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിലെ അപാകത

മുദാക്കൽ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 114 പേർ D& O ലൈസൻസ് സ്വായത്തമാക്കിയിരുന്നു. എങ്കിലും ആയതിൽ ഒരു സ്ഥാപനത്തിന് പോലും ഡിമാൻഡ് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി നൽകുവാനാവിശ്യമായ വരുമാനം ടി സ്ഥാപനങ്ങൾക്ക് ഉണ്ടോ എന്ന് പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. വാണിജ്യപരമായി മികച്ച നിലയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ടായിട്ടും തൊഴിൽ നികുതി ഇനത്തിലുള്ള തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1400 ലേറെ വലിയ കെട്ടിടങ്ങൾ കൊമേഴ്സ്യൽ ലൈസൻസ് വാങ്ങി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവയിലും 42 സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി ദായകരുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. അതിൽ തന്നെ 29 ഉം സർക്കാർ സ്ഥാപനങ്ങളാണ് അവശേഷിക്കുന്ന 13 സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളോ സഹകരണ സംഘങ്ങളോ സ്കൂളുകളോ ആണ്. ഒരു സ്വകാര്യ സംരംഭം പോലും പട്ടികയിൽ ഉൾപെട്ടിട്ടുമില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-2 കമ്മ്യൂണിറ്റി ഹാൾ വാടക – വരവിൽ വർദ്ധനവില്ല.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഊരുപൊയ്ക, മങ്കാട്ടുമൂല, ചെമ്പൂര് എന്നിവിടങ്ങളിലായി കമ്മ്യൂണിറ്റി ഹാളുകൾ നിലവിലുണ്ട്. ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ടി കമ്മ്യൂണിറ്റി ഹാളുകൾ വാടകയ്ക്ക് നൽകുന്നതിലൂടെ ഒരു ലക്ഷം രൂപ വരവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ ആകെ വരവ് 19,000/- രൂപ മാത്രമാണ്. (ചെമ്പൂർ കമ്മ്യൂണിറ്റിഹാളിൽ നിന്നും മാത്രമാണ് ഈ തുച്ഛമായ വരവ് ലഭിച്ചിട്ടുള്ളത്. ചെമ്പൂര് കമ്മ്യൂണിറ്റിഹാളിന്റെ പുതുക്കിപ്പണിക്ക വേണ്ടി 20,00,000/- രൂപയും മങ്കാട്ടുമൂല കമ്മ്യൂണിറ്റി ഹാളിന് 6,62,373/- രൂപയും ചെലവഴിച്ചിട്ടുള്ളതുമാണ്.)

കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വാടക സംബന്ധിച്ച് ബൈലോ രൂപീകരിക്കേണ്ടതായുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്തിൽ ബൈലോ രൂപീകരണം നടത്താതെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കിലുള്ള വാടക മാത്രമാണ് നിലവിൽ ഈടാക്കി വരുന്നത്. ലക്ഷങ്ങൾ മുടക്കി നവീകരണം നടത്തിയിട്ടും ബൈലോ രൂപീകരിച്ച് വാടക നിരക്ക് വർദ്ധിപ്പിക്കാത്തത് പഞ്ചായത്തിന്റെ വാടക വരവ് കുറയുന്നതിന് കാരണമായി വിലയിരുത്തുന്നു. ആയതിനാൽ ബൈലോ രൂപീകരിച്ച് വാടക നിരക്ക് ഉയർത്തി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 പെർമിറ്റ് ഫീസ് കുറവ് ഈടാക്കി - വരവിൽ 1171/- രൂപയുടെ കുറവ്.

മുദാക്കൽ ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫീസ് അനുവദിച്ച് നൽകിയതിൽ ഫീസ് കുറച്ച് ഈടാക്കിയതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നം - A 4.1337/14

കെട്ടിട ഉടമ - അബ്ദുൾ അസീസ് പി.വി ഹൗസ് കോരാണി,

കെട്ടിടത്തിന്റെ തരം, വിസ്തീർണം - കൊമേഴ്സിയൽ കം A2 റസിഡൻഷ്യൽ, 135/- (നിലവിലുള്ളത്) + 327.91 = 462.91 $m^2$

ഈടാക്കിയ ഫീസ് - 708/- രൂപ

ഈടാക്കേണ്ട ഫീസ് - 1640/- രൂപ (327.91 x 5/-)

കുറവ് - 932/- രൂപ

ഫയൽ നം - A 2343/15

കെട്ടിട ഉടമ - ഇന്ദിര, പൊയ്യയിൽ വീട്, പൊയ്യ മുക്ക്

കെട്ടിടത്തിന്റെ തരം, വിസ്തീർണം - കൊമേഴ്സിയൽ, 119.40 $m^2$

ഈടാക്കിയ ഫീസ് - 358/- രൂപ

ഈടാക്കേണ്ട ഫീസ് - 597/- രൂപ (119.40 x 5/-)

കുറവ് - 239/- രൂപ

ആകെ 1171/- രൂപയുടെ കുറവ്. ടി തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-4 മാർക്കറ്റ് ലേലം പിരിവ് - 6766/- രൂപ വരവ് അവശേഷിക്കുന്നു.

2015- 16വർഷം മൂദാക്കൽ ഗ്രാമപഞ്ചായത്ത് വക മാർക്കറ്റ് ഗേറ്റ് ഫീസ്, തറവാടക എന്നിവ പിരിക്കുന്നതിനായി 20300/- രൂപയ്ക്ക് മധുസൂധനൻ ചെട്ടിയാർ, മഞ്ജുഷാ ഭവൻ, മൂദാക്കൽ എന്നയാൾക്ക് കമ്മിറ്റി തീരുമാനം നം II(2) തീയതി 30.03.2015 പ്രകാരം ലേലം ഉറപ്പിച്ച് നൽകിയിരുന്നതായും 13534/- രൂപ (രൂപ 6767/- രസീത് നം. 3067/30.03.2015 & 6767/-രൂപ രസീത് നം. 2023/28.09.2015) ടിയാൻ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായും രേഖകളിൽ കാണുന്നു. ഈയിനത്തിൽ 6766/- നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതാണ്. കൂടാതെ ലേലരജിസ്റ്ററിൽ EMD തുകയായ 1000/- രൂപ ലേലത്തുകയിൽ അഡ്ജസ്റ്റ് ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു. ടിയാനിൽ നിന്നും ലഭിക്കാനുള്ള തുക ലഭിക്കാതെ EMD അഡ്ജസ്റ്റ് ചെയ്തത് അംഗീകരിക്കാനാവില്ല. കളക്ടർക്ക് റവന്യൂ റിക്കവറിക്കായി കത്തയച്ചിട്ടുണ്ട് എന്നതൊഴിച്ചാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ വിഷയത്തിൽ തുടർ നടപടികൾ ത്വരിതപ്പെടുത്തി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ നിരാകരിച്ച തുക 14735.57/- രൂപ.

Project No - So.174/16 മങ്കാട്ട് മൂല കോളനി കമ്യൂണിറ്റിഹാൾ നിർമ്മാണം

M book no - 274/14-15,22-15-16

M book no - 274/14-15,page no 36, item no 17

providing and laying in position cement concreet1;2;4 using 20 mm nominal size including fencing completed

20.60 x 1 x 0.05 =1.03

20.60 x 0.05 x0.50 = 0.515 (20.60x0.50x0.05 = 0.515)

5 x 3.80 x 0.05 = 0.95

2.495$m^3$

അംഗീകൃത നിരക്ക് - 5906.04

അനുവദിച്ച തുക - 2.495 x 5906.04 = 14735.57 (14736)

അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത ഇനം നിർവ്വഹണം നടത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ അനുവദിച്ച 14,736/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടത്തിന്

ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

ഫണ്ടിനം - വികസന ഫണ്ട് എസ്.സി.പി

വകയിരുത്തിയ തുക - 7,49,283/-

നിർവഹണം ഗുണഭോക്തൃസമിതി ഭരണാനുമതി (1)/12.05.15

സാങ്കേതികാനുമതി 150/AEE/LSGD/cklbp/pr/14-15 dated 26.09.14

ബിൽ നം - 5/15-16 amount 6,36,353/-

ചെയർമാൻ - പദ്മിനി , വിനോദ് ഭവൻ, മങ്ങാട്ടുമൂല, ഊരുപൊയ്ക

കൺവീനർ - സതീഷ് എസ്, സന്ധ്യാ ഭവൻ, മങ്ങാട്ടുമൂല, ഊരുപൊയ്ക

## 3-2 അളവിൽ കുറവ് നിരാകരിച്ച തുക 8731.77 രൂപ - Project No: So073/16 കുന്നിനട കോളൂർ റോഡ്.

ഫണ്ടിനം - വികസന ഫണ്ട് ജനറൽ

വകയിരുത്തിയ തുക - 495000

നിർവ്വഹണം - ഗുണഭോക്തൃസമിതി

Bill No - 8/15-16 amount 4,87,189/-

ഭരണാനുമതി 3 (1) 7.2.15

സാങ്കേതികാനുമതി ts no.105/AEE/LSGD/cklbp/mdkl/14-15dated 30.6.15

ചെയർമാൻ - ശ്രീമതി ലതിക , ഒഴുക്കുപാറ, പുത്തൻവീട്, ഊരുപൊയ്ക

കൺവീനർ - ശ്രീ മനോജ് നിലാമഴ, കോളൂർ , ഊരുപൊയ്ക

എം ബുക്ക് നം - 20 /15-16

പ്രസ്തുത പ്രവൃത്തിക്കാവശ്യമായ എം. ബുക്ക് നം. 20 /15-16 item 3 പ്രകാരം താഴെപ്പറയുന്ന അളവുകൾ നിർവ്വഹണം നടത്തിയതായി ബോധ്യപ്പെട്ടിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ അളവിൽ വ്യത്യാസം ബോധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എം. ബുക്ക് പ്രകാരം

item No 3 Random rubble massonary with massonary with hard stone in super struction above plinth level up to cement concrete level

11 x $\frac{0.6 + .5X}{2}$ 1.10 =6.655 $m^3$

15 x $\frac{0.6 + .5X}{2}$ 1.10 = 9.075 $m^3$

14 x $\frac{0.6 + .5X}{2}$ 100 = 7.70 $m^3$

10 x $\frac{0.7 + .5X}{2}$ 1.30 = 7.80 $m^3$

Total = 31.23 $m^3$

അർഹമായതും അനുവദനീയമായതുമായ നിരക്ക് 4867.20 $m^3$

<u>സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട അളവുകൾ</u>

11 x $\frac{0.6 + .5 X}{}$ 1.10 =6.655 $m^3$

2

15 x 0.6 + .5X 1.10 = 9.075 $m^3$

2

14 x 0.6 + .5X 100 = 7.70 $m^3$

2

7.70 x 0.7 + .5X 1.30 = 6.006 $m^3$

2

Total = 29.436 $m^3$

അർഹമായ നിരക്ക് - 4867.20 $m^3$

അർഹമായ തുക - 143270.89

അനുവദിച്ച തുക - 152002.66( M book page 12)

അധികം നൽകിയ തുക - 152002.66-143270.89= 8731.77/- രൂപ

## 3-3 കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്ക് സബ്സിഡി മാർഗ്ഗരേഖയുട ലംഘനം തടസ്സപ്പെട്ടുത്തിയ തുക 4,60,596/-

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി അനുബന്ധ വിഷയങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക (xi) Adc362/13 തസ്വഭവ തീയതി : 16.11.2013 പ്രകാരം സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് വാങ്ങിയ ശേഷം അതനുസരിച്ച് തുക ഒടുക്കണമെന്നതാണ്. എന്നാൽ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ പദ്ധതികൾക്കായി എസ്റ്റിമേറ്റ് വാങ്ങാതെ 14,98,750/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി ഇവയുടെ വിനിയോഗ പത്രം അനുസരിച്ച് 4,60,596/- രൂപ ബാക്കിയായി പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ഈ തുകയും എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്ലാവിൻമൂട് ഇളമ്പപ്പാലം റോഡ് പൈപ്പ് ലൈൻ പണികൾക്കായി വിനിയോഗിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 29.12.2015 പ്രകാരം തീരുമാനിച്ച സബ്സിഡി മാർഗരേഖകൾക്ക് വിരുദ്ധമായി പണം ഒടുക്കി വിനിയോഗം പൂർത്തിയാക്കാത്ത 4,60,596/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 അംഗൻ വാടികളിൽ കുഴൽ കിണർ നിർമ്മാണം -ഭൂഗർഭ ജലവകുപ്പിന് പണം ഒടുക്കിയത് - പദ്ധതി പൂർത്തീകരിച്ചില്ല

പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല, തടസ്സപ്പെട്ടുത്തിയ തുക 415550/- രൂപ

2015-16 വർഷത്തിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ വിവിധ അംഗനവാടികളിൽ കുഴൽകിണർ നിർമ്മാണത്തിനായി 4,15,550/- രൂപ ഭൂഗർഭ ജലവകുപ്പിൽ ഒടുക്കി എന്നാൽ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Project No. 130/16 പറണ്ടമല അംഗനവാടി കുഴൽ കിണർ നിർമ്മാണം

ഡിഡി നം. 413959/17.07.2015 ബിൽ നം. 4/15-16 തുക 92550/- രൂപ

2. Project No. 127/16 ചേമ്പിൻ കുഴി അംഗനവാടി കുഴൽ കിണർ നിർമ്മാണം

ഡിഡി നം. 413958/14.07.2015 ബിൽ നം. 5/15-16 തുക 170000/- രൂപ

3. Project No. 129/16 കൊല്ലങ്കോണം അംഗനവാടി കുഴൽ കിണർ നിർമ്മാണം

ഡിഡി നം. 415741/20.10.2015 ബിൽ നം. 29/15-16 തുക 153000/- രൂപ

മേൽ പ്രവർത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-5 മീഡിയ ശ്രീ പദ്ധതി ലക്ഷ്യം കണ്ടില്ല തടസ്സപ്പെട്ടുത്തിയ തുക 65,000/-

Project No. - So 198/16 ബിൽ നം. 3/15-16

മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ ചരിത്രവും ഭരണനേട്ടവും ഡോക്യുമെന്ററി രൂപത്തിൽ പുറത്തിറക്കുന്നതിനായി എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ മിഷൻ ഡി.ഡി.നം.414902 തീയതി: 03.09.2015 പ്രകാരം 65,000/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച മറ്റ്

വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. പണം ഒടുക്കി ലക്ഷ്യം കൈവരിക്കാത്ത പദ്ധതിക്ക് ചെലവാക്കിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പാലിയേറ്റിവ് കെയർ മരുന്നു വാങ്ങൽ – മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും യഥാസമയം മരുന്ന് ലഭിക്കുന്നില്ല.

പ്രോജക്ട് നം. S0099/16 (പാലിയേറ്റീവ് പരിചരണം) എന്ന പദ്ധതി പ്രകാരം 15,000/- രൂപ വികസനഫണ്ട് (ജനറൽ)-ൽ നിന്നും 5,13,000/- രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തുകയും ആയതിൻ പ്രകാരം പാലിയേറ്റിവ് കെയറിനാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 15.02.2016 ൽ ഡി.ഡി.നം. 689406 പ്രകാരം 72,128/- രൂപയും 29.03.2016ൽ ഡി.ഡി.നം. 694350 പ്രകാരം 1,07,326/- രൂപയും (ആകെ 1,79,454/-രൂപ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 21.04.2016 ൽ 8,195/- രൂപയുള്ള മരുന്നുകളും 21.07.2016 ൽ 54,285/- രൂപയുള്ള മരുന്നുകളും (ആകെ 62480/- രൂപ) മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന് കാണുന്നു. (ടി വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13.06.2016 ൽ കത്തു മുഖാന്തിരവും 19.07.2016 ന് ഇ-മെയിൽ മുഖാന്തിരവും മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് അറിയിച്ചിരുന്നതായി മറുപടി നൽകിയിട്ടുണ്ട്.) നിലവിൽ 1,16,974/- രൂപ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിലനിൽക്കുന്നുണ്ട്. യഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നതായി വിലയിരുത്തുന്നു. (കുറിപ്പ് : മരുന്നുകൾക്കായി ഓഡർ നല്കിയിട്ടും സമയത്ത് ലഭ്യമാകാത്തതിനാൽ നിർദ്ധനരായ അവശ്യരോഗികൾക്ക് യഥാസമയം മരുന്നുകൾ നൽകുവാൻ കഴിയാത്ത അവസ്ഥയും, മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ലഭ്യമാക്കുമ്പോഴേക്കും രോഗികൾ മരണപ്പെടുകയും ടി മരുന്ന് മറ്റൊരാൾക്ക് നൽകാനാവാത്തതിനാൽ പാഴാകുന്ന അവസ്ഥയും നിലവിലുണ്ട്). ആയതിനാൽ ടി വിഷയത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ഗ്രാമസഭ- പഞ്ചായത്ത് കമ്മിറ്റി -ഗുണഭോക്തൃപട്ടികയിൽ അപാകം

ഗ്രാമസഭകൾ - പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകുന്ന ഗുണഭോക്തൃ പട്ടിക പ്രകാരം ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ ചിലത് ഗുണഭോക്താക്കളുടെ അഭാവം മൂലം നടപ്പാക്കാതെ വന്നിട്ടുണ്ട്.

ഉദാ:-

1. Project No 159/2016 Sc വിഭാഗം ഓട്ടോറിക്ഷ വാങ്ങൽ, അടങ്കൽ 10,00,000/- രൂപ
2. Project No 43/2016 പൊതുവിഭാഗം, സമഗ്ര പച്ചക്കറികൃഷി, അടങ്കൽ 4,20,000/- രൂപ
3. Project No 97/2016 പൊതുവിഭാഗം, ആട്ടു വളർത്തൽ, അടങ്കൽ 20,00,000/- രൂപ

ഒട്ടുമിക്ക പദ്ധതികളിലും ഗുണഭോക്തൃപട്ടികയിലെ മുൻഗണനാക്രമം പ്രാവർത്തികമാക്കാൻ നിർവഹണോദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല, ഗ്രാമസഭകളിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുമ്പോൾ സൂക്ഷ്മത പാലിക്കാത്തത് മൂലം പദ്ധതി നടത്തിപ്പിൽ പ്രത്യേകിച്ചും കാർഷിക മേഖലയിൽ ഗണ്യമായ കുറവാണ് സംഭവിച്ചിരിക്കുന്നത്.

ഗ്രാമസഭകളിൽ പ്രൊജക്ടുകളെ സംബന്ധിച്ച് വിശദാംശങ്ങൾ നിർവ്വഹണോദ്യോഗസ്ഥർ മുഖേന ബഹുജനങ്ങളിൽ ബോധവത്കരണം നടത്തി അർഹരായ ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തി യാഥാർത്ഥ്യ ബോധത്തോടെ മുൻഗണന അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കാൻ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ശുചിത്വ മിഷൻ -വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന് ധനസഹായം- നിർവഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല

വ്യക്തിഗത കക്കൂസ് നിർമ്മിക്കുന്നതിലേക്കായി യൂണിറ്റൊന്നിന് 12,000/- രൂപ നിരക്കിൽ 120 ഗുണഭോക്താക്കൾക്ക് 14,40,000/- രൂപ ശുചിത്വമിഷനിൽ നിന്നും 21.01.2015 ലെ 1962/DSM/14 നമ്പർ ഉത്തരവ് പ്രകാരം ചെലവനുവാദം നൽകുകയും രണ്ട് ഗഡുക്കളായി 10,80,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് നൽകുകയും ചെയ്തു. പൊതു വിഭാഗത്തിനുള്ള പദ്ധതി (അൻപത് ഗുണഭോക്താക്കൾ) വി.ഇ.ഒ വഴിയും പട്ടിക ജാതിക്കാർക്കുള്ള പദ്ധതി (നാൽപത് ഗുണഭോക്താക്കൾ) അസിസ്റ്റന്റ് സെക്രട്ടറി വഴിയുമാണ് നടപ്പിൽ വരുത്തിയത് നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ ഒരോ ഗുണഭോക്താവിനും ഉള്ള വിഹിതങ്ങളായ 12,000/- രൂപ വീതമാണ് ചിലവഴിക്കാനായി ബാക്കിയുള്ളത്. പദ്ധതിയുടെ വരവ് ചെലവ് കണക്കുകളുടെ ക്യാഷ് ബുക്ക് നിർവ്വഹണോദ്യോഗസ്ഥർ പരിപാലിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ സ.ഉ. (കൈ) 177/2006 പ്രകാരം എല്ലാ നിർവ്വഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി - നടത്തിപ്പ് പരാജയം.

സമൂഹത്തിലെ ദരിദ്രരും, അശരണരും, പരാശ്രയമില്ലാത്തവരുമായ അഗതികളെ കണ്ടെത്തി പൂർണമനസ്സോടെ ഇവർക്ക് വേണ്ടുന്ന സഹായം എത്തിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം ആഹാരം വസ്ത്രം, ചികിത്സാ, വിദ്യാഭ്യാസം, താമസസ്ഥലം, കുടിവെള്ളം, ശുചിത്വമുള്ള കക്കൂസ് എന്നിവ ഗുണഭോക്താക്കൾക്ക് ഉറപ്പ് വരുത്തേണ്ടതാണ്. ആശ്രയ പദ്ധതി

തയ്യാറാക്കി നടപ്പിൽ വരുത്തുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്, 16.01.2010 ലെ സർക്കാർ ഉത്തരവ് കെ.എ12/12തസ്വഭവ, 16.06.2012ലെ സർക്കാർ ഉത്തരവ് കെ.എ170/12, 16.01.2010 - ലെ സർക്കാർ ഉത്തരവ് കെ.എ12/12 തസ്വഭവ 16.06.2012എന്നീ ഉത്തരവുകൾ പ്രകാരം ആശ്രയ പദ്ധതിയുടെ നിർവ്വഹണത്തിന് ആവശ്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപ്രദേശങ്ങളിൽ രണ്ടാം ഘട്ട ആശ്രയ പദ്ധതി 2008-11 ൽ നടപ്പിലാക്കിയിരുന്ന 95 ഗുണഭോക്താക്കൾ പ്രസ്തുത ലിസ്റ്റിൽ ഉണ്ടായിരുന്നു. ഒന്നാം ഘട്ടത്തിൽ വസ്ത്രം (94), വീട് വയറിംഗ്(74), കക്കൂസ് നിർമ്മാണം (50), പെൻഷൻ (40), എന്നിങ്ങനെ ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും 46,42,500/- രൂപ വകയിരുത്തിയ പദ്ധതിക്ക് (ചലഞ്ച് ഫണ്ട് 15,00,000/- ഉം വികസന ഫണ്ട് 18,00,000/- വും ചേർത്ത്) 33,00,000/- രൂപ മാത്രമാണ് ലഭ്യമാക്കിയത് ഇതിൽ 22,52,974/- രൂപ മാത്രമാണ് ചെലവഴിച്ചത്.

ഒന്നാം ഘട്ട പ്രൊജക്ടിന്റെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സേവന പാക്കേജ് | ഗുണഭോക്താക്കൾ | സേവനം ലഭ്യമാക്കിയ ഉപഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ലഭിച്ച തുക | ഗുണഭോക്താവിന് വേണ്ടി ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|---|
| 1 | ഭൂമി | 13 | 3 | 585000 | 225000 | 225000 | - |
| 2 | വീട് | 19 | 11 | 1900000 | 1375000 | 1375000 | - |
| 3 | കിണർ നിർമ്മാണം | 59 | 19 | 656000 | 240000 | 190000 | 50000 |
| 4 | വീട് വയറിംഗ് | 74 | | 74000 | - | - | - |
| 5 | കക്കൂസ് നിർമ്മാണം | 50 | | 125000 | - | - | - |
| 6 | ചികിത്സാ സഹായം | 73 | 32 | 687200 | 687200 | 7000 | 680200 |
| 7 | വിദ്യാഭ്യാസം | 25 | 14 | 125000 | 125000 | 66640 | 58360 |
| 8 | ഭക്ഷണം | 95 | 89 | 307800 | 307800 | 204639 | 103161 |
| 9 | പെൻഷൻ | 40 | - | 30000 | | - | - |
| 10 | വസ്ത്രം | 95 | - | 142500 | 140000 | | 140000 |
| | Project cost | | | 10000 | | | |
| | Computer | | | | 20000 | 184695 | 15305 |
| | Total | | | 4642500 | 3300000 | 2252974 | 1047026 |

രണ്ടാം ഘട്ട പ്രോജക്ടിന് (2014-17) സർക്കാരിൽ നിന്ന് യഥാസമയം അനുമതി ലഭിക്കാതിരുന്നതിനാൽ (2014-15) ഒന്നാം വർഷ പ്രോജക്ട് നടപ്പിലായിരുന്നില്ല. ഡി.പി.ആർ അംഗീകരിച്ചത് പ്രകാരം 67 ഗുണഭോക്താക്കളാണ് പട്ടികയിലുള്ളത്. പ്രസ്തുത പട്ടികയും പ്രൊജക്ടും പരിശോധിച്ചതിൽ ശ്രദ്ധേയമായ ചില വസ്തുതകൾ ചുവടെ കൊടുക്കുന്നു.

| | ആനുകൂല്യം | ഗുണഭോക്താക്കൾ | നിരക്ക് | വകയിരുത്തേണ്ടിയിരുന്നതുക | വകയിരുത്തിയ തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | ഭൂമി വാങ്ങൽ | 10 | 225000 | 2250000 | 2025000 | 1125000 |
| 2 | ഭവന നിർമ്മാണം | 36 | 250000 | 9000000 | 5250000 | ഇല്ല |
| 3 | കുടിവെള്ളം | 50 | 25000 | 1250000 | 750000 | 250000 |
| 4 | ശുചിത്വ കക്കൂസ് | 64 | 8000 | 512000 | 96000 | ഇല്ല |
| 5 | വൈദ്യുതീകരണം | 36 | 4000 | 144000 | 28000 | 8000 |

സർക്കാർ ഉത്തരവ് പ്രകാരം ഭൂമി വാങ്ങൽ, ഭവന നിർമ്മാണം, കുടിവെള്ള സ്രോതസ്സ്, ശുചിത്വ കക്കൂസ് നിർമ്മാണം എന്നിവയ്ക്ക് മറ്റ് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുമ്പോൾ ആശ്രയ ഗുണഭോക്താക്കളെ പരിഗണിച്ച ശേഷം മാത്രമേ മറ്റ് ഗുണഭോക്താക്കൾക്ക് സഹായം നൽകുവാൻ പാടുള്ളു എന്നതാണ്. എന്നാൽ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ നാല് എസ്.സി ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം ചെയ്തിട്ടുണ്ട്. എന്നാൽ അവർ ആരും തന്നെ ആശ്രയ പട്ടികയിൽ ഉൾപ്പെട്ടവരായിരുന്നില്ല. പഞ്ചായത്തിൽ വിഭാവനം ചെയ്യപ്പെട്ടിരുന്ന പദ്ധതിയനുസരിച്ച് രണ്ടാം ഘട്ടം പൂർത്തീകരിച്ചാൽ തന്നെയും ആശ്രയ പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും സഹായം ലഭിക്കുകയില്ല. മാത്രവുമല്ല 15-16 സാമ്പത്തിക വർഷത്തിൽ ചികിത്സാ സഹായത്തിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു എങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. സമൂഹത്തിലെ നിരാലംബരായ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ വിഭാവനം ചെയ്ത പദ്ധതി കാര്യഗൗരവത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വിജയിപ്പിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടേയും സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 കാർഷിക മേഖലയിൽ പ്രൊജക്ടുകളുടെ ആസൂത്രണവും നടത്തിപ്പും -പുരോഗതി ആശാവഹമല്ല

പൂർണമായും കാർഷിക മേഖലയിൽ അധിഷ്ഠിതമായ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം പ്രസ്തുത മേഖലയിലെ പ്രൊജക്ടുകളുടെ ആസൂത്രണവും നടത്തിപ്പും പരിശോധിച്ചതിൽ പ്രവർത്തന പുരോഗതി ആശാവഹമല്ല. പഞ്ചായത്തിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ശരാശരി 63 ശതമാനം നേട്ടം കൈവരിക്കാൻ സാധിച്ചപ്പോൾ കാർഷിക മേഖലയിൽ ആയത് കേവലം 28 ശതമാനവും മൃഗസംരക്ഷണ മേഖലയിൽ 19 ശതമാനവും മാത്രമാണ് .

സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ക്രമനം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അനുമതി ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | തൻവർഷം നടപ്പിലാക്കിയവയുടെ എണ്ണം | വകയിരുത്തിയ തുക | ചെലവാക്കിയ തുക | ചെലവാക്കിയ തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 3 | 1414740 | 396765 | 28% |
| 2 | വെറ്റിനറി സർജൻ | 7 | 8 | 4720900 | 897000 | 19% |

കാർഷിക മേഖലയ്ക്ക് അർഹമായ പരിഗണന നൽകി പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-11 പ്രവേശനോത്സവം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

പ്രോജക്ട് നം. SO034/16 ആയി നിർവ്വഹണം നടത്തിയിട്ടുള്ള പ്രവേശനോത്സവം പദ്ധതിയിൽ 50,000/- രൂപ വികസനഫണ്ടിൽ നിന്ന് വകയിരുത്തുകയും ബിൽ നം. 3/15-16 തീയതി. 14.09.2015 പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ നിലവിലുള്ള മാർഗ്ഗരേഖകൾ പ്രകാരം പ്രവേശനോത്സവത്തിനായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സാധിക്കുകയില്ല. മറിച്ച് തനത് ഫണ്ടിൽ നിന്നായിരുന്നു ടി തുക ചെലവഴിക്കേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ടി തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് വികസനഫണ്ടിലേക്ക് അടയ്ക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ടി തുക വികസനഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | - | - | ഇല്ല | - | - |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50,000/- | ബഡ്സ് സ്കൂൾ വാഹന വാടക 16/15-16 | 50,000/- | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ / ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ജി.ഡബ്ല്യൂ.ഡി | കൊല്ലംകോണം അങ്കണവാടി- കുഴൽക്കിണർ നിർമ്മാണം | 415741 dt.20.10.15 | 153000 | 153000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | - |
| ജി.ഡബ്ല്യൂ.ഡി | ചേമ്പിൻകുഴി അങ്കണവാടി- കുഴൽക്കിണർ നിർമ്മാണം | 413958 dt.14.07.15 | 170000 | 170000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| ജി.ഡബ്ല്യൂ.ഡി | പറണ്ടമല അങ്കണവാടി- കുഴൽക്കിണർ നിർമ്മാണം | 413959 dt.14.07.15 | 92550 | 92550 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കേരള വാട്ടർ അതോറിറ്റി | പ്ലാവിൻ മൂട് - ഇളമ്പതടം പൈപ്പ് ലൈൻ നീട്ടൽ | 414723 – 20.08.15 | 200000 | 200000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | നെട്ടപറമ്പ്- പൂച്ചക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ | 414726 – 20.08.15 | 250000 | 250000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | കരിക്കകം കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 414725 – 20.08.15 | 248750 | 248750 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | നെല്ലിമൂട് കാക്കാൻവിളാകം പൈപ്പ് ലൈൻ നീട്ടൽ | 414724 – 20.08.15 | 200000 | 200000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | ഇളമ്പ ഹൈസ്കൂൾ -താഴമൺ കോണം പൈപ്പ് ലൈൻ നീട്ടൽ | 414729 – 20.08.15 | 400000 | 400000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | കരിക്കകം കുന്ന് -മാങ്കോട്ടുകോണം പൈപ്പ് ലൈൻ നീട്ടൽ | 414721 – 20.08.15 | 100000 | 100000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | ചെങ്കോട്ടുകോണം പൈപ്പ് ലൈൻ നീട്ടൽ | 414722 – 20.08.15 | 100000 | 100000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 414919 – 07.09.15 | 27546 | 27546 | പൂർത്തീകരിച്ചു | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| - | - | - | - | - | | - |

## 4-4 വായ്പ / വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം

| 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| ഇല്ല | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 275/LSGD 27.01.2010 | 28539500 | 12784085 | 300000 | 1151124 | 9784085 (മുതൽ) |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നിരതദ്രവ്യം | ഇല്ല |
| സെക്യേർഡ് ഡിപ്പോസിറ്റ് | ഇല്ല |

| | |
|---|---|
| റിടെൻഷൻ തുക | ഇല്ല |
| മറ്റുള്ളവ | ഇല്ല |
| ആകെ | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 11,130/- രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമപഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | വർഷം | തീയതി | | | | |
| പി.എച്ച്.സി | 23.05.2016 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82950274 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72323198 |
| വരവിനങ്ങളിലുള്ള നഷ്ടം | 1171 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23468 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 941146 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2.3 | 1171 | ഹരികൃഷ്ണൻ ജി., സെക്രട്ടറി |
| 3.1 | 14736 | ജ്യോതിസ്.എസ്., അസി.എഞ്ചിനീയർ<br>അശോക് കുമാർ., അസി.എക്സി.എഞ്ചിനീയർ |
| 3.2 | 8732 | ജ്യോതിസ്.എസ്., അസി.എഞ്ചിനീയർ<br>അശോക് കുമാർ., അസി.എക്സി.എഞ്ചിനീയർ |

*(സി) ക്രമാനുസരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

*(ഡി) സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

*(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 460596 | ഹരികൃഷ്ണൻ.ജി, സെക്രട്ടറി |
| 3.4 | 415550 | ഹരികൃഷ്ണൻ.ജി, സെക്രട്ടറി<br>സുരേന്ദ്രൻ ആശാരി.വി, സെക്രട്ടറി |
| 3.5 | 65000 | ഹരികൃഷ്ണൻ.ജി, സെക്രട്ടറി |

(എഫ്) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ഹരികൃഷ്ണൻ ജി., സെക്രട്ടറി | ടി.സി.47/3113, MUDRA 69, വാണിയത്ത് ലെയിൻ, മുടവൻമുഗൾ, പൂജപ്പുര പി.ഒ തിരുവനന്തപുരം-695012 | ടി.സി.47/3113, MUDRA 69, വാണിയത്ത് ലെയിൻ, മുടവൻമുഗൾ, പൂജപ്പുര പി.ഒ തിരുവനന്തപുരം-695012 |
| സുരേന്ദ്രൻ ആശാരി.വി., സെക്രട്ടറി | മകയിരം, ഓമനത്തിങ്കൾ ലെയിൻ, വെഞ്ഞാറമൂട്. | മകയിരം, ഓമനത്തിങ്കൾ ലെയ്ൻ, വെഞ്ഞാറമൂട്. |
| ജ്യോതിസ്.എസ്., അസി.എഞ്ചിനീയർ | മേരി ലാൻറ്, ടി.സി.8/583<br>ഓട്ടുകുഴി റോഡ് തിരുമല | മേരി ലാൻറ്, ടി.സി.8/583<br>ഓട്ടുകുഴി റോഡ് തിരുമല |
| അശോക് കുമാർ., അസി.എക്സി.എഞ്ചിനീയർ | എ.ഇ.ഇ,എൽ.എസ്.ജി.ഡി,<br>ചിറയിൻകീഴ് ബ്ലോക്ക്,<br>മുടപുരം പി.ഒ | ടി.സി.13/1765/(3)മിഥില, മുറിഞ്ഞപാലം മെഡിക്കൽ കോളേജ്, തിരുവനന്തപുരം |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.റ്റി.ഡി.ജി.പി8/4/2002/തീയതി 21.06.2014 | 3 |
| 2001-2002 | | |
| 2002-2003 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 955/2004 തീയതി 21.06.2014 | 3 |
| 2003-2004 | എൽ.എഫ്.റ്റി.ഡി.ജി.പി8/214 /06തീയതി 21.06.2016 | 4 |

| | | |
|---|---|---|
| 2004-2005 | എൽ.എഫ്.റ്റി.ഡി.ജി.പി8/1084/2008 തീയതി 21.06.2016 | 2 |
| 2005-2006 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 1085 /08തീയതി21.06.2016 | 1 |
| 2006-2007 | എൽ.എഫ്.റ്റി.ഡി.ജി.പി8/297/09 തീയതി21.06.2016 | 5 |
| 2007-2008 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 1087/09തീയതി21.06.2016 | 9 |
| 2008-2009 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 1321/2010 തീയതി21.06.2016 | 6 |
| 2009-2010 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 709/12 തീയതി21.06.2016 | 4 |
| 2010-2011 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 710/12 തീയതി 21.06.2016 | 6 |
| 2011-2012 | എൽ.എഫ്.റ്റി.ഡി.ജി.പി8/4/2002തീയതി11.11.13 | 7 |
| 2012-2013 | എൽ.എഫ്.റ്റി.ഡി.ജി.പി8/136/14 തീയതി 08.07.14 | 6 |
| 2013-2014 | എൽ.എഫ്.റ്റി.ഡി.ജി.പി8/ 192/16 തീയതി 10.02.16 | 7 |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/952/16തീയതി30.06.16 | - |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.22/11/16

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12ലെ നമ്പർ 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>ന്യൂനതകൾ</u>

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തിവിവരവും വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യപത്രികയിൽ

ഉൾപ്പെടുത്തിയിട്ടില്ല.

3. കെട്ടിട നികുതി ഡിമാന്റ് രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്